## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3426 | 14-10 -2011 ന് മറുപടിക്ക്

## ആദിവാസികൾക്ക് കൈവശാവകാശ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ: | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) 2006- ലെ വനാവകാശ നിയമപ്രകാരം സംസ്ഥാനത്തെ മുഴുവൻ ആദിവാസികൾക്കും കൈവശാവകാശ വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) 2006- ലെ വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് കൈവശാവകാശം വിതരണം ചെയ്യുന്ന നടപടി പുരോഗമിച്ചുവരുന്നു. 2006- ലെ കേന്ദ്ര വനാവകാശ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി പട്ടികവർഗ്ഗ വികസന വകുപ്പാണ്. റവന്യൂ, വനം, പട്ടികവർഗ്ഗ വികസന വകുപ്പുകൾ സംയുക്തമായി ടി നിയമം നടപ്പിലാക്കി വരുന്നു. (പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം 16753 അപേക്ഷകളിൻമേൽ 20550 ഏക്കർ വനഭൂമി 31-07-2011 വരെ വിതരണം നടത്തിയിട്ടുണ്ട്). |

(ബി) പ്രസ്തുത നിയമപ്രകാരം ആദിവാസി കളുടെ പൊതു ആവശ്യങ്ങൾക്കുള്ള സ്ഥലം എഫ്. ആർ. സി കൾക്ക് വിട്ടു കൊടുക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) വനാവകാശ നിയമത്തിന്റെ 3-ാം വകുപ്പിന്റെ 2-ാം ഉപ വകുപ്പ് പ്രകാരം ആദിവാസി സെറ്റിൽമെന്റുകളിലെ താഴെപറയുന്ന വികസന പ്രവർത്തന ങ്ങൾക്ക് 75 മരങ്ങൾ വരെ മുറിച്ചുമാറ്റി ക്കൊണ്ട് പരമാവധി ഒരു ഹെക്ടർ ഭൂമി വരെ നൽകാവുന്നതാണ്.

1. സ്കൂൾ
2. ഡിസ്പെൻസറി / ഹോസ്പിറ്റൽ
3. അംഗൻവാടികൾ
4. ന്യായവില ഷോപ്പുകൾ
5. ഇലക്ട്രിക്/ടെലഫോൺ ലൈനുകൾ
6. കുളങ്ങൾ/ചെറിയ ജല സംഭരണികൾ
7. കുടിവെള്ള പദ്ധതികൾക്കായി പൈപ്പിടീൽ
8. മഴവെള്ള, ജലസംഭരണികൾ
9. ചെറുകിട ജലസേചന കനാലുകൾ
10. പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ

11. വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ

12. റോഡുകൾ

13. കമ്മ്യൂണിറ്റി സെന്ററുകൾ

വനാവകാശ കമ്മിറ്റികൾ (എഫ്.ആർ.സി) സമർപ്പിക്കുന്ന അപേക്ഷ പ്രകാരം ആദിവാസികളുടെ മേൽപ്പറഞ്ഞ പൊതു ആവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുന്നുണ്ട്.

(സി) വനാവകാശ നിയമപ്രകാരം കൈവശ രേഖ ലഭിച്ച സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിനും റോഡ് പണിയുന്നതിനും വനം വകുപ്പ് തടസ്സം നിൽക്കുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) വനാവകാശ നിയമപ്രകാരം കൈവശ രേഖ ലഭിച്ച സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിനും റോഡ് പണിയുന്നതിനും വനം വകുപ്പ് തടസ്സം നിൽക്കുന്നില്ല. വനാവകാശ നിയമ പ്രകാരം കൈവശരേഖ ലഭിച്ച സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിനും റോഡ് പണിയുന്നതിനും കേന്ദ്ര സർക്കാരിന്റെ 18-05-2009 - ലെ F No.2304/15/2008-SG- II -ാം നമ്പർ കത്തിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റിയുടെ അപേക്ഷയിൻമേൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ 1980 - ലെ വന സംരക്ഷണ നിയമം ഇളവുചെയ്തുകൊണ്ട് അനുവാദം നൽകുന്നുണ്ട്.

-----------4

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസികൾക്കെതിരെ എടുത്ത കേസുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം 35 കേസുകളിലായി 81 ആദിവാസികൾക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ